പെൻഷനുകൾ മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിന് നിയമ സംരക്ഷണം

7 [1139] ശ്രീ. പി. നാരായണൻ:

,, എം. കുമാരൻ:

,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന് പെൻഷൻ നൽകുന്നതിന് ഒരു വർഷം വേണ്ടിവരുന്ന തുക എത്രയാണ്;

(ബി) റിട്ടയർ ചെയ്ത ഗവൺമെന്റ് ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനായി വേണ്ടിവരുന്ന തുക എത്രയെന്ന് അറിയിക്കുമോ;

(സി) വിവിധ തൊഴിലാളി പെൻഷൻ പദ്ധതികൾക്ക് എത്ര തുക ഓരോ വർഷവും വേണ്ടിവരുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം, കശുവണ്ടി, ബീഡി, കയർ, മത്സ്യം തുടങ്ങി പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികളുടെ പെൻഷനുകളിലെ കുടിശ്ശിക സംഖ്യ 2004 മാർച്ച് 31 വരെ എത്രയെന്ന് വിശദമാക്കാമോ;

(ഇ) വിവിധ വിഭാഗം തൊഴിലാളികൾക്കും മറ്റും നൽകിവരുന്ന പെൻഷനുകൾ മുടക്കം കൂടാതെ മാസംതോറും വിതരണം ചെയ്യുന്നതിന് കഴിയുംവിധം നിയമ സംരക്ഷണം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഗവൺമെന്റ് വിരമിച്ച സർക്കാർ ജീവനക്കാരുടെ പെൻഷനു പുറമേ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളും നൽകിവരുന്നുണ്ട്. ഇവയ്ക്ക് ഓരോ വർഷവും ആവശ്യമായ തുകയെ സംബന്ധിച്ച കണക്കുകൾ ഇപ്രകാരമാണ്:

സർക്കാർ ജീവനക്കാർക്കുള്ള പെൻഷൻ (കുടുംബ പെൻഷനും കമ്മ്യൂട്ടേഷനും ഉൾപ്പെടെ)	..	2193.45	കോടി രൂപ
കർഷകത്തൊഴിലാളി പെൻഷൻ	..	88.46	,,
ചുരുട്ട് തൊഴിലാളി പെൻഷൻ	..	0.053	,,
കശുവണ്ടിത്തൊഴിലാളി പെൻഷൻ (ക്ഷേമനിധി നിലവിൽ വരുന്നതിന് മുൻപ് വിരമിച്ചവർക്ക്)	..	1.78	,,
നിയമസഭാംഗങ്ങൾക്കുള്ള പെൻഷൻ	..	2.93	,,
ഹൈക്കോടതി ജഡ്ജിമാരുടെ പെൻഷൻ	..	0.17	,,
അംഗവൈകല്യമുള്ളവരും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ	..	20.59	,,

LIBRARY ARCHIVES Kerala Legislative Assembly

വിധവാ പെൻഷൻ	..	31.93	കോടി രൂപ
വാർദ്ധക്യകാല പെൻഷൻ	..	18.66	,,
അവിവാഹിതകളും അമ്പതു വയസ്സിനു മുകളിലുള്ളവരുമായ സ്ത്രീകൾക്കുള്ള പെൻഷൻ	..	3.36	,,

(ബി) റിട്ടയർ ചെയ്ത ഗവൺമെന്റ് ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിന് 2004-2005 സാമ്പത്തിക വർഷത്തിൽ 2,193.45 കോടി രൂപ വേണ്ടിവരുമെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇത് കമ്മ്യൂട്ടേഷൻ തുക, കുടുംബ പെൻഷൻ എന്നിവ ഉൾപ്പെടെയുള്ള തുകയാണ്.

(സി) സർക്കാർ നേരിട്ടു നൽകുന്ന വിവിധ തൊഴിലാളി പെൻഷൻ പദ്ധതികൾക്ക് ഓരോ വർഷവും വേണ്ടിവരുന്ന തുക ഇപ്രകാരമാണ്:

കർഷകത്തൊഴിലാളി പെൻഷൻ	..	88.46	കോടി രൂപ
ചുരുട്ട് തൊഴിലാളി പെൻഷൻ	..	0.053	,,
കശുവണ്ടിത്തൊഴിലാളി പെൻഷൻ (ക്ഷേമനിധി നിലവിൽ വരുന്നതിന് മുൻപ് വിരമിച്ചവർക്ക്)	..	1.78	,,

(ഡി) സർക്കാർ നേരിട്ടു നൽകുന്ന പെൻഷനുകളുടേയും തൊഴിലില്ലായ്മ വേതനത്തിന്റേയും 31-3-2004-ലെ കുടിശ്ശിക വിവരം:

കർഷകത്തൊഴിലാളി പെൻഷൻ	..	147.44	കോടി രൂപ
ചുരുട്ട് തൊഴിലാളി പെൻഷൻ	..	0.44	ലക്ഷം രൂപ
കശുവണ്ടിത്തൊഴിലാളി പെൻഷൻ (ക്ഷേമനിധി നിലവിൽ വരുന്നതിന് മുൻപ് വിരമിച്ചവർക്ക്)	..	1.48	കോടി രൂപ
തൊഴിലില്ലായ്മ വേതനം	..	139.45	,,

ക്ഷേമനിധി ബോർഡുകൾ വിതരണം ചെയ്യുന്ന പെൻഷനുകളുടെ 31-3-2004-ലെ കുടിശ്ശിക വിവരം:

(1) കൈത്തറിത്തൊഴിലാളി പെൻഷൻ	..	24.77	ലക്ഷം രൂപ
(2) കശുവണ്ടിത്തൊഴിലാളി പെൻഷൻ	..	3.56	കോടി രൂപ
(3) ബീഡിത്തൊഴിലാളി പെൻഷൻ	..	കുടിശ്ശികയില്ല	
(4) മത്സ്യത്തൊഴിലാളി പെൻഷൻ	..	2.43	കോടി രൂപ
(5) കയർത്തൊഴിലാളി പെൻഷൻ	..	13.50	,,

(ഇ) ഈ സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് വിവിധ പെൻഷനുകൾ മുടക്കം കൂടാതെ നൽകുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളുന്നുണ്ട്. പെൻഷനുകൾ കുടിശ്ശിക കൂടാതെ മാസംതോറും വിതരണം ചെയ്യുന്നതിന് കഴിയുംവിധം നിയമസംരക്ഷണം നൽകാൻ നടപടി ആവശ്യമുണ്ടെന്ന് സർക്കാർ കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly